## പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 707 — 12.06.2013-ൽ മറുപടിയ്ക്ക്

**പൊന്നാനിയിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) പൊന്നാനിയിൽ പ്രവർത്തിച്ചിരുന്ന "വെക്ടർ കൺട്രോൾ യൂണിറ്റ്" നിർത്തലാക്കിയതുമൂലം രോഗപ്രതിരോധ രംഗത്ത് ഏറെ പ്രയാസമുണ്ട ാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ ; | (എ) മലപ്പുറം ജില്ലയിൽ പൊന്നാനി, താനൂർ എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്ന മന്ത് രോഗ നിയന്ത്രണ യൂണിറ്റുകളെ സംയോജിപ്പിച്ച് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് രൂപീകരിക്കുകയുണ്ടായി. ഈ യൂണിറ്റിപ്പോൾ മലപ്പുറത്ത് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത യൂണിറ്റിന്റെ നേതൃത്വത്തിൽ രോഗ പ്രതിരോധ പ്രവർത്തനം സുഗമമായി നടത്തിവരുന്നു. |
| (ബി) മന്ത് രോഗം വളരെ കൂടുതലാവുകയും, പൊന്നാനി 'ഹോട്ട് സ്പോട്ടായി' വിലയിരുത്തപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ ; | (ബി) പൊന്നാനി പ്രദേശത്ത് മന്ത് രോഗം കൂടുതലായി കാണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മന്തുരോഗ ചികിത്സാ പരിപാടിയുടെ ഭാഗമായി നൽകിയ ഗുളിക കഴിക്കാത്തവർക്കുവേണ്ടി പൊന്നാനി പ്രദേശത്ത് വീണ്ടും ഗുളിക വിതരണം നടത്തുവാനുള്ള ഒരു പരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. |
| (സി) ആ വശ്യത്തിന് ഫീൽഡ് വർക്കർ തസ്തിക ഇല്ലാത്തതിനാൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ എങ്ങുമെത്താതെ പോകുന്നതായി ശ്രദ്ധിച്ചിട്ടു ണ്ടോ; | (സി) രോഗപ്രതിരോധ പ്ര വർത്തനങ്ങൾക്ക് യാതൊരുവിധ തടസ്സവും ഉണ്ടായിട്ടില്ല. അത്യാവശ്യ സന്ദർഭങ്ങളിൽ കരാറടിസ്ഥാനത്തിൽ ഫീൽഡു വർക്കർമാരെ നിയമിക്കാറുണ്ട്. |
| (ഡി) എങ്കിൽ കൂടുതൽ ഫീൽഡ് വർക്കർ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ